Reg: No. K. 31

തൊഴിലാളി

Founder: Father Vadakkan

Honorary Chief Editor T. O. Mathew M. A. : : Managing Editor B. Wellington B. A.

'തൊഴിലാളി' വരിസംഖ്യ നിരക്ക്

	വാരാന്ത്യപ്പതിപ്പ് പോസ്റ്റ്പേടി	പോസ്റ്റ്പേടി
ഒരു കൊല്ലത്തേയ്ക്ക്	27_00	6_00
6 മാസത്തേയ്ക്ക്	13_50	3_00
1 മാസത്തേയ്ക്ക്	2_25	1_50
ഏജൻറുമാർവഴി കരമാസത്തേയ്ക്ക്		
വാരാന്ത്യപ്പതിപ്പ് അടക്കം		2_10
ഒറപ്രതി	0_07	0_10

മാനേജർ.

ചൈ കറാച്ചിയിൽ

(റോയിട്ടർ) കറാച്ചി, ഏ. 2

ചൈനീസ്പ്രധാനമന്ത്രി ചൌ എൻ ലായി കയ് റോയിൽനിന്നും ഇന്നിവിടെയെത്തിയിരിക്കുന്നു. ഉടനടി അദ്ദേഹം അയൂബ്ഖാനുമായി ചർച്ചകളിലേർപ്പെട്ടു, അയൂബ്ഖാൻ നാളെ ഔദ്യോഗിക സന്ദർശനാർത്ഥം മോസ്കോ യിലേയ്ക്ക് പോവുകയാണ്.

വർഷം 12 | ലക്കം 90 | ഏപ്രിൽ 3 ശനി | തൃശ്ശൂർ | വില 7 പൈസ | പേജ് 4

ഷേക്ക് ചീനക്കുപോയാൽ ഫലമനുഭവിക്കുമെന്ന് ശാസ്ത്രി

"അവിടെയിരിക്കൂ ശാസ്ത്രി" എന്ന് ഒരു പ്രതിപക്ഷമെമ്പർ

ഷേക്കിനെപ്പറ്റി പ്രസ്താവനചെയ്യാൻ വീണ്ടും അവധി ചോദിച്ചതിനെ തുടർന്ന് ലോകസഭയിൽ ബഹളം

(പി ടി ഐ) ന്യൂഡൽഹി, ഏ. 3

ഷേക്കിനെ സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്യാൻ രണ്ടുദിവസത്തെ അവധി കൂടി തരണമെന്ന് വിദേശകാര്യമന്ത്രി സ്വരൻസിങ്ങ് ആവശ്യപ്പെട്ടതു് ഇന്ന് ലോകസഭയിൽ വമ്പിച്ച കോളിളക്കം സൃഷ്ടിച്ചു. അഹ്മദിയേഴ്സിൽനിന്നും ഇന്നുരാത്രി മടങ്ങിവരുന്ന വിദേശകാര്യസെക്രട്ടറി സി. എസ്. ഝായുമായി കൂടിയാലോചിക്കാനാണ് ഈ അവധി അദ്ദേഹം ആവശ്യപ്പെട്ടതു്.

ഝാ ഇപ്പോൾ അഹ്മദിയേഴ്സിൽതുടിക്കൊണ്ടിരിക്കുന്ന, ആഫ്രോ-ഏഷ്യൻ കോൺഫറൻസിൻറെ സ്റ്റാൻറിങ്കമ്മറ്റി യോഗത്തിൽ പങ്കെടുക്കുകയാണ്. പൂർണ്ണമായ വിവരങ്ങളും ശേഖരിച്ചശേഷം ആവശ്യമായ നടപടികളും സ്വീകരിക്കാൻ ഗവണ്മെണ്ട് മടിക്കയില്ലെന്ന് സ്വരൻസിങ്ങ് പറഞ്ഞു. ചീന സന്ദർശിക്കുന്നതു് അനുചിതമാണെന്ന് ഷേക്കിനെ അറിയിക്കാൻ അഹ്മദിയേഴ്സിലെ ഇന്ത്യൻ എംബസ്സിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഇന്നലെ വാഗ്ദാനം ചെയ്തിരുന്ന പ്രസ്താവന ചെയ്യാൻ സ്വരൻസിങ്ങ് എഴുന്നേറ്റപ്പോൾ കണ്ണിമിയ്ക്കാതെ ഉൽക്കണ്ഠയോടെ ഉറക്കെനോക്കിക്കൊണ്ടിരുന്ന സഭ അവധി ചോദിക്കാനാണെന്നു മനസ്സിലായപ്പോൾ അമർഷംപൂണ്ടു.

കൂടുതൽ സമയം തരണമെന്ന ഗവണ്മെണ്ടിൻറെ അഭ്യർത്ഥനയ്ക്ക് സ്വതന്ത്രാപ്പാർട്ടിനേതാവു് എൻ. ജി. രംഗ പിന്തുണനല്കി. വിശദമായ ഒരു പ്രസ്താവനയ്ക്കുവേണ്ടി കാത്തിരിക്കാതെതന്നെ ഷേക്കിൻറെ പാസ്പ്പോർട്ടു് ഉടനടി റദ്ദാക്കണമെന്നും ഈ രണ്ടു ദിവസങ്ങളിൽ രാജ്യത്തിനെതിരായി പ്രവർത്തിക്കരുതിനിന്നും അദ്ദേഹത്തെ തടയണമെന്നും എൻ. സി. ചാറർജി, ഹ്രാങ്ക് ആൻറണി എന്നിവർ വാദിച്ചു.

ഷേക്കബ്ദുള്ളാചൌ എൻ ലായി കൂടിക്കാഴ്ചയും ചൈന സന്ദർശിക്കാൻ ഷേക്കിനു് ലഭിച്ച ക്ഷണവും സംബന്ധിച്ചു് നടന്ന ഒരുമണിക്കൂർ ദീർഘിച്ച ചൂടുപിടിച്ച ചർച്ചകൾക്ക മറുപടി പറയുകയായിരുന്നു ശാസ്ത്രി.

അദ്ദേഹം തുടന്നു:—

"ഇന്ത്യയുടെ പാസ്സ്പോർട്ടിനേലാണ് ഷേക്ക് പര്യടനം നടത്തുന്നതെന്നു നിരുന്നാൽത്തന്നെയും അദ്ദേഹത്തിനു് എന്തുചെയ്യാൻ സ്വാതന്ത്ര്യമുണ്ടു്. പക്ഷേ അതിൻറെ ഫലങ്ങളെ അഭിമുഖീകരിക്കേണ്ടിവരും."

ഈ രണ്ടു ദിവസത്തിനുള്ളിൽ രാജ്യദ്രോഹകരമായ എന്തെങ്കിലും ചെയ്യാൻ ഷേക്കിനു കഴിയുകയില്ലേയെന്നു് സ്പീക്കർ അന്വേഷിച്ചു. താൻ മനസ്സിലാക്കുന്നിടത്തോളം, അടുത്ത രണ്ടു ദിവസത്തിനകം രാജ്യദ്രോഹകരമായ കർമ്മം ചെയ്യാൻ ഷേക്കിനു സാധ്യമാകുന്ന ശാസ്ത്രി മറുപടി നല്കി.

പിയെസ്സി—എസ്സെസ്സി മെമ്പർമാരിൽനിന്നു് കോപാവേശം നിറഞ്ഞ അട്ടഹാസങ്ങളുണ്ടായതിനാൽ ശാസ്ത്രിയുടെ പ്രസംഗം ഇടയ്ക്കിടെ തടസ്സപ്പെട്ടുകൊണ്ടിരുന്നു.

ശാസ്ത്രി തുടന്നു:—'ഷേക് ഇന്ത്യയിലേക്ക് മടങ്ങാതിരിക്കുകയോ, പൈനായിലേക്കു് പോകുകയോ ചെയ്യട്ടെ — അദ്ദേഹത്തിനിഷ്ടമുള്ളതു ചെയ്യാൻ സ്വാതന്ത്ര്യമുണ്ടു്—പക്ഷേ, നമുക്ക് അദ്ദേഹത്തിനെതിരായി സുനിശ്ചിതമായ നടപടികളും എടുക്കേണ്ടിവരും. ഈ നടപടി എന്തായിരിക്കുമെന്ന് തീരുമാനിക്കാൻ ഏതാനും ദിവസം പിടിക്കും. മെമ്പർമാരുടെ വികാരങ്ങളും ഗവണ്മെണ്ടു മനസ്സിലാക്കുന്നു. അവർ പറയുന്നതിൻറെ പ്രാധാന്യത്തെപ്പറ്റി തികച്ചും ബോദ്ധ്യമുണ്ടു്. സ്ഥിതിഗതികളിൽ വികലനം ചെയ്ത ശേഷം ഗവണ്മെണ്ടു് ഒരു തീരുമാനമെടുക്കും.

ഷേക്കിനെപ്പറ്റി പത്രങ്ങളിൽ വന്ന വാർത്തകളും തികച്ചും ഉൽക്കണ്ഠാജനകമാണു്. ഈ വിഷയം ഗൌരവമായിത്തന്നെ കൈകാര്യം ചെയ്യപ്പെടുമെന്നതിൽ ആരും സംശയിക്കേണ്ടതില്ല.

ഒന്നോ രണ്ടോ ദിവസം അതു സാരമാക്കേണ്ടതില്ല, പൈനയിലേക്കു പോകാൻ ഗവണ്മെണ്ടു് ഷേക്കിനെ അനുവദിക്കില്ല. പക്ഷേ, പോയാൽ അതിൻറെ പ്രത്യാഘാതങ്ങളും അദ്ദേഹം അനുഭവിക്കേണ്ടിവരും."

ശാസ്ത്രി ഇരിക്കണം

ഈ ഘട്ടത്തിലെത്തിയപ്പോൾ ശാസ്ത്രി അവിടെ ഇരിക്കാൻ മധ്യലിമായേ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. ശാസ്ത്രി ഇപ്രകാരം തിരിച്ചടിച്ചു. "നിങ്ങൾ ഒരു അവിശ്വാസപ്രമേയം കൊണ്ടുവന്നു. അതിൻറെ ഫലവും അറിഞ്ഞു. എന്നിട്ടും നിങ്ങൾക്കു പറയാൻ ധൈര്യമുണ്ടായതു് അത്ഭുതകരമായിരിക്കുന്നു."

വിയറ്റ്നാം കുഴപ്പം അവസാനിപ്പിക്കുന്നില്ലെങ്കിൽ അതൊരു യുദ്ധത്തിന്നിടയാകും

— കൃഷ്ണമേനോൻ

[പി ടി ഐ] ബോംബെ, ഏപ്രിൽ 2

ഇന്ത്യയും മറ്റു ചേരിചേരാരാഷ്ട്രങ്ങളും മുൻകയ്യെടുത്തു് വിയറ്റ്നാമിലെ എല്ലാ വിദേശ ഇടപെടലുകൾക്കു് അറുതിവരുത്തി അവിടത്തെ കുഴപ്പം അവസാനിപ്പിക്കുന്നില്ലെങ്കിൽ അതു് ഒരു യുദ്ധത്തിലേക്കു് വഴിവെക്കുമെന്നു് മി. വി. കെ. കൃഷ്ണമേനോൻ ഇന്നലെ രാത്രി ഇവിടെ വെച്ചു് പ്രസ്താവിക്കുകയുണ്ടായി.

ബ്ലിറ്റ്സ് നേഷണൽ ഫോറം സൃഷ്ടിച്ചതായ ഒരു പൊതുയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മി. കൃഷ്ണമേനോൻ ഇന്നു് കെയറോയിലേക്കുപോയി.

വിയറ്റ്നാമിലെ കുഴപ്പത്തിൻറെ ഒരു ഏഷ്യചരിത്രം മി. കൃഷ്ണമേനോൻ വിവരിച്ചു. മുമ്പത്തെ ഇന്തോ-ചൈനാ സംസ്ഥാനങ്ങളിലെ യുദ്ധം 1954-ൽ ഉണ്ടായ ജനീവാ ഉടമ്പടിയെതുടർന്നു് അവസാനിച്ചു. ഇന്ത്യയും മാറ്റു ചില ചേരിചേരാരാഷ്ട്രങ്ങളും ഒരു സുപ്രധാന പങ്കാണു് ഇക്കാര്യത്തിൽ വഹിച്ചതു്.

ആ നില ഇന്നു മാറിപ്പോയിരിക്കുന്നു. വിവിധ വിദേശസ്വാധീനം അവിടെ കടന്നുകൂടിയിരിക്കുകയാണു്. ആയുധങ്ങളും പട്ടാളവും ആ പ്രദേശത്തേയ്ക്കു് കുഴക്കുന്നു.

വിയറ്റ്നാം കുഴപ്പത്തിൽ ചൈനയും അമേരിക്കയും കൈക്കൊണ്ടിരിക്കുന്ന നിലപാടിനെ മി. മേനോൻ വിമർശിച്ചു. ഇന്ത്യയിലെ മുഴുവനും ചേരിചേരാരാഷ്ട്രങ്ങളിലേയും ബഹുജനാഭിപ്രായം വിദേശ ഇടപെടലുകളെ അതു് അമേരിക്കയുടേയോ ചൈനയുടേയോ ആകട്ടെ ശക്തിയായി പ്രതിഷേധിക്കണം.

വിയറ്റ്നാമിലെ വമ്പിച്ച തോതിലുള്ള അമേരിക്കൻ സൈനികനടപടിയെ മി. മേനോൻ ശക്തിയായി വിമർശിച്ചു. അമേരിക്കൻ ഇടപെടലിനെതിരാണു് അമേരിക്കയിലേയും ബ്രിട്ടണിലേയും പോലും ബഹുജനാഭിപ്രായമെന്നും അദ്ദേഹം തുടന്നു പ്രസ്താവിച്ചു.

ഈ പ്രശ്നം സംബന്ധിച്ചു തങ്ങളുടെ നിലപാടു് ഇന്ത്യയും മറ്റു ചേരിചേരാരാഷ്ട്രങ്ങളും ശരിക്കും വ്യക്തമാക്കേണ്ട സമയമാണിതെന്നും അദ്ദേഹം പറഞ്ഞു.

താൻ കെയ്റോ സന്ദർശിക്കുന്നതു് തൻറെ സ്വന്തംനിലയിലാണെന്നു് മി. കൃഷ്ണമേനോൻ അറിയിച്ചു.

'ഞാൻ ഒരു പാർലമെൻറ് മെമ്പറാണു്, കൂടിയുൻ പൌരനുമാണു്. വിദേശങ്ങളിലെ സംഭവവികാസങ്ങളിൽ ഞാൻ തല്പരനാണു്. സൂഹൃത്തുകൾ ക്ഷണിച്ചതിനാലാണു് ഞാൻ ആ അവസരം ഉപയോഗിച്ചു് കെയ്റോയിലേക്കു് പോകുന്നതു്.'

കെയിറോയിലെത്തി

(പി ടി ഐ) കെയ്റോ ഏ. 2

മുൻ ഇന്ത്യൻ പ്രതിരോധമന്ത്രി വി. കെ. കൃഷ്ണമേനോൻ ഇന്നിവിടെ എത്തിച്ചേർന്ന

തൊഴിലാളി

പോസ്റ്റ് ബോക്സ് 90
ടെലഫോൺ 125
പത്രാധിപരുടെ വസതി 455

1965 ഏപ്രിൽ 3-നു ശനി

ഇപ്പോഴും തോറ്റിട്ടില്ല

ഒറീസ്സാ മുഖ്യമന്ത്രിപദത്തിൽനിന്നു് സ്വയം രാജിവെച്ചു് പിരിയേണ്ടിവന്ന ബിജു പട്നായിക്കു് വിചിത്രങ്ങളായ ചില പ്രസ്താവനകളുംകൊണ്ടു് പുറത്തുവന്നിരിക്കുന്നു. തനിക്കുള്ള ഉത്തരവാദിത്വം ഒറീസ്സയിലെ സംസ്ഥാന നിയമസഭയോടു മാത്രമാണെന്നും കേന്ദ്രമന്ത്രിസഭയോ, കേന്ദ്ര രഹസ്യാന്വേഷണവകുപ്പോ, ആഡിറർജനറലോ എന്തൊക്കെ പറഞ്ഞിട്ടുണ്ടായാലും അതൊന്നും തന്നെ ബാധിക്കുന്നില്ലെന്നുമാണു് അദ്ദേഹം പറഞ്ഞിരിക്കുന്നതു്. ഒറീസ്സ അസംബ്ളിയിൽ പട്നായിക്കു് കഴിഞ്ഞ ബുധനാഴ്ച ചെയ്തതായി റിപ്പോർട്ടു് ചെയ്യപ്പെട്ടിട്ടുള്ള പ്രസംഗത്തിൽ പട്നായിക്കിനു് കോൺഗ്രസ്സ് പാർട്ടിയോടു് എന്തെങ്കിലും ഉത്തരവാദിത്വങ്ങളോ ബാധ്യതകളോ ഉള്ളതായി അദ്ദേഹം പ്രസ്താവിക്കുന്നില്ല. എങ്കിലും സ്വന്തം ബാധ്യതകളുടെ വ്യക്തമായ അതിർത്തിവരമ്പുകം അദ്ദേഹം തന്നെ മൂന്നിക്കാണിച്ചിട്ടുള്ളതിൽനിന്നും കോൺഗ്രസ്സിനോടു് ബാധ്യതയുള്ളതായി അദ്ദേഹം സമ്മതിക്കുന്നില്ല. അങ്ങിനെ വരുമ്പോൾ പട്നായിക്കു് കോൺഗ്രസ്സ് പ്രസിഡണ്ടിനോടും, ചോദ്യ പ്രധാനമന്ത്രിയോടുമെന്നപോലെ ഒരു വെല്ലുവിളി നടത്തിയിരിക്കുന്നു.

സംസ്ഥാന പ്ലാനിങ്ബോർഡിന്റെ ചെയർമാനായിരുന്ന പട്നായിക്കിനു് ആ സ്ഥാനം വിട്ടൊഴിയേണ്ടിവന്നതു് കേന്ദ്രമന്ത്രിസഭയുടെ സമ്മർദ്ദംകൊണ്ടാണെന്നു് പൂണ്ണബോദ്ധ്യമുള്ള അദ്ദേഹം ഇപ്പോൾ വളരെ ശൗര്യമുള്ള വാക്കുകം ഉപയോഗിക്കുക മാത്രമാകും. എങ്കിലും ആ സ്ഥാനം തുടരുവാൻ താൻ അനഹനാണെന്നു് വിധിച്ച കേന്ദ്രത്തോടുള്ള കടുത്ത പുച്ഛം നായിക്കിന്റെ പ്രസംഗത്തിൽ ഉടനീളം ഒളിഉംവെട്ടുന്നുണ്ടു്. അതോടൊപ്പംതന്നെ ആഡിറർ ജനറലുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പട്നായിക്കിനെതിരായി ഇനിയും, എന്താണു് ചെയ്യുന്നതെന്നു് ആലോചിക്കുമെന്നുള്ള പ്രധാനമന്ത്രി ശാസ്ത്രിയുടെ പ്രസ്താവന പട്നായിക്കു് പിച്ചിച്ചീന്തുന്നുണ്ടു്. ഇനി ഭാരതീയരെ സംബന്ധിച്ചിടത്തോളം അവശേഷിക്കുന്ന പ്രശ്നം ആരുടെ പ്രസ്താവന ക്കാണു് കൂടുതൽ പ്രാധാന്യമെന്ന താണു്-പ്രധാനമന്ത്രിയുടേതിനൊ, പട്നായിക്കിന്റേതിനൊ.

ഈയവസരത്തിൽ ഒറീസ്സയിലെ ആ മുൻമുഖ്യമന്ത്രിയെ രക്ഷിക്കുന്നതിനു് കേന്ദ്രമന്ത്രിസഭ എന്തെല്ലാം ന്യായവാദങ്ങം ഉന്നയിക്കയുണ്ടായിട്ടുണ്ടു് എന്നു് പിൻതിരിഞ്ഞു നോക്കുന്നതു് രസാവഹമാണു്. പട്നായിക്കിനും മിതൃക്കും എതിരായ ആരോപണ കൊടുങ്കാറ്റു് ഒരു മാസത്തോളം ആഞ്ഞടിച്ചതിനു ശേഷമാണു് കേന്ദ്രം ഒന്നു കണ്ണുതുറന്നതു്. എന്നിട്ടു് ആരോപണങ്ങളെപ്പറ്റി അനൗപചാരികമായിട്ടെങ്കിലും കേന്ദ്ര രഹസ്യാന്വേഷണവകുപ്പ് നിയുക്തമായി. പിന്നിട്ടു് കേന്ദ്രമന്ത്രിമാരിൽ ചുമതലപ്പെട്ട സുബ്രഹ്മണ്യറാവു നിയുക്തമായി. പിന്നിട്ടു് ആരോപണങ്ങളുടെയ രണ്ടുപേരും ഡൽഹിയും തമ്മിൽ ദീർഘമായ സമ്പർക്കങ്ങം പുലർത്തിയതിനുശേഷം ഭരണപരമായ അനൗചിത്യങ്ങം ഉണ്ടെന്നുള്ള കാരണത്തിൽ അവരോടു് രണ്ടുപേരോടും ഔദ്യോഗികസ്ഥാനങ്ങളിൽനിന്നു് നീങ്ങിനില്ക്കുവാൻ കേന്ദ്രം ആവശ്യപ്പെട്ടു. വൈകാരണപരമായ അനൗചിത്യങ്ങളല്ല അതിലുപരി ഗുരുതരമായ പാതകങ്ങളാകം അവർ ചെയ്തിട്ടുണ്ടെന്നും പാർലിമെൻറിൽ പ്രതിപക്ഷാംഗങ്ങളും ശാഠിച്ചു. അതുതെളിയിക്കാമെന്നും കേന്ദ്രാഭ്യന്തര സുരോപദേഷ്ടാവകുപ്പിന്റെ റിപ്പോർട്ടു് മേശപ്പുറത്തു് വെക്കണമെന്നും അവർ ആവശ്യപ്പെട്ടു. കേന്ദ്രമന്ത്രിസഭ ഇതുവരെയില്ല. അനൗദ്യോഗികമായി ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണു് പട്നായിക്കിനും മിതൃക്കും എതിരായ ആരോപണങ്ങളുടെ റിപ്പോർട്ടു് പ്രതിപക്ഷാംഗങ്ങൾക്കു കൊടുക്കുവാനും, എന്നിട്ടും പട്നായിക്കിനെ രക്ഷിക്കുന്നതിനുള്ള വ്യഗ്രതയിൽ കേന്ദ്രഗവണ്മെണ്ടു് റിപ്പോർട്ടു് പുറത്തുകൊടുക്കുവാനും തയ്യാറല്ലെന്നുമാണു് കേന്ദ്രം ഒന്നര

ചെമ്പഴന്തിയിൽ മൻമ ഖ്യൻ അനുവദിച്ച രണ്ട് സ്കൂളുകൾ

65–66–ൽ സ്കൂളിന്റെ അനുവാദം പുതുക്കുന്നതി നുമുമ്പ് ഇക്കാര്യം പരിഗണിച്ച് ഗവർമ്മെണ്ട് ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്ന് ഹൈക്കോടതി

കോട്ടയം, ഏ. 1

തിരുവനന്തപുരം താലൂക്കിൽ ഉണ്ടത്തിൽ എന്ന സ്ഥലത്തു് മാധവവിലാസം ഹൈസ്കൂളിന്റെ മാനേജരായ മി. മാധവൻപിള്ള, തന്റെ സ്കൂളിനടുത്തു് പെന്തക്കോസ്ത് അനുവദിച്ചുകൊണ്ട്, അന്നു് വിദ്യാഭ്യാസമന്ത്രിയായിരുന്ന മുഖ്യമന്ത്രി ശങ്കർ പുറപ്പെടുവിച്ച ഉത്തരവിനെ ചോദ്യംചെയ്തുകൊണ്ടു് ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്ന ഹർജിയിന്മേൽ മി. ജസ്റ്റിസ് കെ. കെ. മാത്യുവിന്റെ വിധിയിലെ ചില ഭാഗങ്ങൾ മുരുക്കമായി വ്യവഹരിക്കുന്നു:—

വാദി 40 ഡിവിഷനുകൾക്കു സൗകര്യമുള്ള ഒരു സ്കൂൾ നടത്തുകയായിരുന്നുവെന്നു വാദിക്കുന്നു....നിലവിലുള്ള സ്കൂളുകൾക്കു അപ്പ്ഗ്രേഡ് ചെയ്യാം പുതിയസ്കൂളുകൾ അനുവദിച്ചുകൊണ്ടുള്ള ഗവണ്മെൻറിന്റെ 1964 ഏപ്രിൽ 2–ാം തിയതി പുറപ്പെടുവിക്കപ്പെട്ട 3–ാം പ്രതിക്ക് അതിൽ രണ്ടു സ്കൂൾ അനുവദിച്ചതു് കേരളവിദ്യാഭ്യാസച്ചട്ടങ്ങളെ ലംഘിച്ചുകൊണ്ടാണെന്നാണ് വാദിസമർത്തിക്കുന്നതു് 3–ാം പ്രതി നിയമം അനുശാസിക്കുന്നതുപോലെ യഥാസമയം സ്കൂളിനു അപേക്ഷ അയയ്ക്കുകയോ സ്കൂൾ നിൽക്കേണ്ട സ്ഥലങ്ങളുടെ ഉടമസ്ഥനേടുകയോ ചെയ്തില്ലെന്നും ആ പ്രദേശത്തിനാവശ്യമുള്ള വിദ്യാഭ്യാസാവശ്യങ്ങൾ നേടാൻ പ്രസ്തുത സ്കൂളുകളും ആവശ്യമില്ലായിരുന്നു വെന്നുമാണ് വാദിയുടെ വാദം.

സ്കൂൾ നടത്തുന്നതു ലാഭത്തിനുവേണ്ടിയല്ലാത്തതുകൊണ്ട് ഗവണ്മെൻറ് ചട്ടങ്ങൾ ലംഘിച്ച പ്രസ്തുത സ്കൂൾ അനുവദിച്ചാൽപ്പോലും ഹർജിക്കാരനു സങ്കടത്തിനു് കാര്യമില്ലെന്നു് പ്രതിഭാഗത്തു നിന്നു ബോധിപ്പിക്കുകയുണ്ടായി. ലണ്ടൻ കൗണ്ടി കൗൺസിലിനെതിരെ മാറീസ് നൽകിയ ഹർജിയിൽ ഡെന്നിംഗ് പ്രഭുവിന്റെ ഒരു വിധി ഉദ്ധരിച്ചുകൊണ്ടു് ഈ വാദം ബഹു. ജസ്റ്റി നിരസിച്ചു.

പ്രസ്തുത പ്രദേശത്തു് പുതിയ സ്കൂളുകൾ തുറക്കേണ്ട വിദ്യാഭ്യാസപരമായ ആവശ്യം നിയമം അനുശാസിക്കുന്ന രീതിയിൽ ഗവണ്മെണ്ടു് വിചാരിയ്ക്കുന്നതായി രേഖകളൊന്നും കാണുന്നില്ല. കലക്ടർ അദ്ധ്യക്ഷനായുള്ള ജില്ലാ വികസനസമിതി ഇത്തരമൊരു ശുപാർശ മുമ്പായും കാണുന്നില്ല. വാദിക്കുവേണ്ടി ഹാജരായ മി. കെ. ചന്ദ്രശേഖരൻ, 3–ാംപ്രതി അന്നത്തെ മദ്ധ്യമന്ത്രിയുടെ ഭാര്യാസഹോദരിയുടെ ഭർത്താവാണെന്നും ഇങ്ങനൊരു സ്കൂളനുവദിക്കാനുള്ള കാരണം അതാണെന്നും പ്രസ്താവിക്കുകയുണ്ടായി. ഈ ഹർജിയ്ക്കു് തീർപ്പുകല്പിക്കുന്നതിനു് പ്രസ്തുത പ്രേരണയാണോ സ്കൂളനുവദിക്കുന്നതിനുള്ള കാരണം എന്നതു നോക്കേണ്ടതില്ല.... എന്തായാലും വിദ്യാലയവർഷം അവസാനിക്കാറായതുകൊണ്ടു് സ്കൂൾ അടയ്ക്കുവാൻ ആജ്ഞാപിക്കുന്നില്ല. പ്രസ്തുത പ്രദേശത്തിന്റെ വിദ്യാഭ്യാസപരമായ ആവശ്യങ്ങളും നിരാഘോഷിക്കാൻ ഈ വിദ്യാലയങ്ങളും ആവശ്യമാണോ എന്ന നിയമം അനുശാസിക്കുന്ന രീതിയിൽ പഠനം നടത്തേണ്ടതാണു്. 65–66ൽ സ്കൂളിന്റെ അനുവാദം പുതുക്കുന്നതിനു മുമ്പ് ഇക്കാര്യം പരിഗണിച്ച് ഗവണ്മെണ്ടിനു ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണു്.

കേസ്സിൽ ഹർജിക്കാരനുവേണ്ടി മെ. കെ. ചന്ദ്രശേഖരൻ, ടി. ചന്ദ്രശേഖരമേനോൻ, സി. ശങ്കരമേനോൻ, പി. കെ. അമ്മിണി എന്നിവർ ഹാജരായിരുന്നു. (കേരള ലാ ജേർണൽ)

യാത്രയയപ്പ്

സ്വ. ലേ കാലക്കുടി, മാ. 31

നായരങ്ങാടി ലോവർപ്രൈമറിസ്കൂളിൽ മുപ്പത്തിയഞ്ചു കൊല്ലക്കാലത്തോളം സ്തുത്യർഹമായ സേവനംഅനുഷ്ഠിച്ചശേഷം സർവ്വീസിൽനിന്നു് പിരിഞ്ഞുപോകുന്ന ശ്രീ. സി. കൃഷ്ണപണിക്കർമാസ്റ്റർക്ക് സ്കൂൾസ്റ്റാഫിന്റേയും, നാട്ടുകാരുടേയും പൂർവ്വവിദ്യാർത്ഥികളുടേയും വകയായി ഹൃദ്യമായ ഒരു യാത്രയയപ്പ് സല്ലാരം നല്കിയിരിക്കുന്നു. ഇതിനുബന്ധിച്ചുചേർന്ന പൊതുയോഗത്തിൽവെച്ച അദ്ദേഹത്തിനു് നാട്ടുകാരുടേയും അദ്ധ്യാപികാദ്ധ്യാപകരുടേയും വകയായി പാരിതോഷികങ്ങളും സമ്മാനിച്ചു. യോഗത്തിൽ പഞ്ചായത്ത്മെമ്പർ എം. എം. ലോനക്കുട്ടി അദ്ധ്യക്ഷം വഹിച്ചു.

ബോട്ടംലിഇന്ത്യയിലേയ്ക്ക് വരുന്നു

ലണ്ടൻ, മാ. 31

'ഏറെത്താമസിയാതെ' തന്നെ ഇന്ത്യയും പാക്കിസ്ഥാനും സന്ദർശിക്കാൻ കഴിയുമെന്ന പ്രത്യാശയാണു് തനിക്കുള്ളതെന്നു് കോമൺവെൽത്തു് വകുപ്പ് മന്ത്രി റി. ആർതർ ബോട്ടംലി കോമൺസഭയിൽ പ്രസ്താവിച്ചിരിക്കുന്നു.

മി. കോളീൻ ജായ്ക്ക്സന്റെ [ലേബർ] ഒരു ചോദ്യത്തിനു അദ്ദേഹം ഇങ്ങനെ മറുപടി പറഞ്ഞു: '1962–ലാണ് ഞാൻ ഒടുവിലായി ഇന്ത്യയിലേക്കും പാക്കിസ്ഥാനിലേക്കും പോയതു്. ഏറെത്താമസിയാതെ തന്നെ ഈ രാജ്യങ്ങൾ വീണ്ടും സന്ദർശിക്കാൻ കഴിയുമെന്നാണ് എന്റെ പ്രത്യാശ. ഇന്നലർ ഒഴിവുകാലത്തു് ഞാൻ ആസ്വേല്യയും നൂസിലണ്ടും മലേഷ്യയും സന്ദർശിക്കുന്നതാണ്.

റേഡിയോ

ഏപ്രിൽ 3–ാംന-ശനി

തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ,

454.5, 441.2, 517.2 മീറ്റർ.

കാലത്തു്

6–30 മംഗളവാദ്യം, സുപ്രഭാതം
6–35 പരിപാടികളെപ്പറ്റിയുള്ള അറിയിപ്പുകം
6–40 വാർത്തകം ഇംഗ്ലീഷിൽ
6–45 ഭക്തിഗീതം
7–15 ഇന്നത്തെ ചിന്താവിഷയം
7–20 ഭക്തിഗീതം
7–30 വാർത്തകം മലയാളത്തിൽ
7–45 ഗാനപാഠം
8–00 വാർത്തകം ഇംഗ്ലീഷിൽ
8–15 വയ്സ്റ്റാട്ട് [ഇ. കെ. കുഞ്ഞിക്കണ്ണൻ]

ഉച്ചതിരിഞ്ഞു്

12–30 പ്രാദേശീകവാർത്തകം
12–35 തൊഴിലാളിമണ്ഡലം
1–05 വാദ്യവൃന്ദം
1–20 വാർത്തകം മലയാളത്തിൽ
1–30 ചലച്ചിത്രഗാനങ്ങളും
1–40 വാർത്തകം ഹിന്ദിയിൽ
1–50 സുഗമസംഗീതം
2–00 കാലാവസ്ഥ

രാത്രി

5–30 ശിശുലോകം
6–00 പ്രാദേശിക അറിയിപ്പുകം
6–05 പ്രാദേശികവാർത്തകം
6–15 നാട്ടിൻപുറം
7–00 മലയാളപ്രഭാഷണം (വേദവ്യാസൻ എന്നമഹാപ്രതിഭ)
7–10 നാടക ഗാനങ്ങളും
7–30 വാർത്തകം മലയാളത്തിൽ
7–45 മലയാള പ്രഹസനം
8–15 നാടോടിപ്പാട്ടുകം
8–30 റേഡിയോ ന്യൂസ്റീൽ
8–45 ഗാനമഞ്ജരി
8–55 ഇന്നത്തെ ചിന്താവിഷയം
9–00 വാർത്തകം ഇംഗ്ലീഷിൽ
9–15 ജാഗ്രത
9–30 ഡൽഹിറിലേ
11–00 വാർത്തകം മലയാളത്തിൽ
11–05 സമാപനം.

....

"ഞാൻ ഒരു രാഷ്ട്രീയക്കാരനല്ല—രാഷ്ട്രീയം എനിക്കു ദഹിക്കാത്തതാണു്"

കോട്ടയത്തെ സ്വീകരണ യോഗത്തിൽ മഹാരാഷ്ട്ര ഗവണ്ണർ ചെറിയാന്റെ പ്രസ്താവന

സ്വ. ലേ കോട്ടയം, ഏ. 1

താൻ ഒരുകാലത്തും ഒരു രാഷ്ട്രീയ പ്രവർത്തകനായിരുന്നില്ലെന്നും ഇനിയും ഒരിക്കലും ഒരു രാഷ്ട്രീയക്കാരനാകാൻ താൻ ആഗ്രഹിക്കുന്നില്ലെന്നും അതു് തനിക്കു ദഹിക്കുന്നതല്ലെന്നും മഹാരാഷ്ട്ര ഗവണ്ണർ ഡോ. പി. വി. ചെറിയാൻ പ്രസ്താവിച്ചിരിക്കുന്നു.

കോട്ടയം പൗരാവലിയുടെ വകയായി സ്ഥലം മാമ്മൻമാപ്പിളഹാളിൽവച്ചു് ഡോ. പി. വി. ചെറിയാനു് നൽകിയ സ്വീകരണസമ്മേളനത്തിൽചെയ്ത പ്രസംഗമദ്ധ്യേയാണു് മഹാരാഷ്ട്രഗവണ്ണർ ഡോ. പി. വി. ചെറിയാൻ ഇപ്രകാരം പ്രസ്താവിച്ചതു്. ഗവണ്ണർ ചെയ്ത പ്രസംഗത്തിൽ ഇങ്ങനെ ഉടൻതന്നെ— ഞാൻ എന്റെ ചെറുപ്പകാലത്തു് ഒരു സമർത്ഥനായ വിദ്യാർത്ഥിയല്ലായിരുന്നു. ഞാൻ പല സ്കൂളുകളിലും മാറിമാറി പഠിച്ചിട്ടുണ്ടു് ഇംഗ്ലീഷ് ഭാഷയിൽ ഞാൻ സാമർത്ഥ്യം നേടിയിരുന്നു. ഭാഗ്യവശാലാണു് എനിക്കു മെഡിക്കൽകോളേജിൽ പ്രവേശനം ലഭിച്ചതു. അങ്ങിനെ എനിക്കലഭിച്ച സാഹചര്യങ്ങളും ഞാൻ ശരിയായി വിനിയോഗിച്ചു. എന്നതു് ദൈവാനുഗ്രഹവും ഭാഗ്യവും മാത്രമാണു്,

ഇൻഡ്യ ഒരു മതനിരപേക്ഷ രാഷ്ട്രമാണ്സ്വതന്ത്രമാക്കിയ ഇന്ത്യയിൽ സ്ഥാനമുണ്ടു്. മതങ്ങളെ ബഹുമാനിക്കുകയും ആദരിക്കുകയും മതതത്ത്വങ്ങളെ വിശ്വസിക്കുകയും ചെയ്യുന്ന ഒരു രാഷ്ട്രമാണു് ഇന്ത്യ. മാർപ്പാപ്പാതിരുമേനിയുടെഇന്ത്യാസന്ദർശനത്തിൽ അദ്ദേഹത്തെ സ്വീകരിക്കുന്നതിനുള്ള ഭാഗ്യം എനിക്കാണലഭിച്ചതു്. മാർപ്പാപ്പാസ്റ്റ് ഇൻഡ്യയിൽ നൽകപ്പെട്ട സ്വീകരണം ലോകപ്രശസ്തത്തിൽ ഇന്ത്യയ്ക്കു് വ്യക്തിമുദ്ര പതിപ്പിക്കത്തക്ക ഒന്നായിരുന്നു.

കോട്ടയം മുനിസിപ്പൽ ചെയർമാൻ ശ്രീ. കുര്യൻഉതുപ്പ് കരയോഗം മുനിസിപ്പാലിറ്റിയുടെ വകയായുള്ള മംഗളപത്രം വായിച്ച സമർപ്പിച്ചു. എൻ. കെ. പൊതുവാൾ സ്വാഗതംപറഞ്ഞ. ശ്രീ. എൻ. ഗോവിന്ദമേനോൻ ഷെവലിയർ ശ്രീ. പി. ജെ. മാത്യു എന്നിവർ ഡോ. ചെറിയാനെ അഭിനന്ദിച്ച പ്രസംഗിച്ചു

വിജയപുരം ബിഷപ്പ് ആംബ്രോസ് ആബ്ദോസോലോ, മാർത്തോമ്മാ സഭാധിപൻ അഭിവന്ദ്യ ഡോ. മാർ ഈവാനിയോസ്, തോമസ് മാർ അത്താനാസ്യോസ്, ബിഷപ്പ് എം. എം. ജോൺ, മോൺസിഞ്ഞോർ സിറിയക്ക് മറ്റം എന്നീ തിരുമേനിമാരും അദ്ധ്യക്ഷവേദിയിൽ ആസനസ്ഥരായിരുന്നു.

—

അട്ടപ്പാടിയിൽ ആസ്പത്രികെട്ടിടം പണയാൻ 20,000 ക.

പാലക്കാടു്, ഏ 2

അട്ടപ്പാടി ടൈബൽ ബ്ലോക്കിൽ ചൂട്ടർ എന്ന സ്ഥലത്തു് ഒരു ഡിസ്പൻസറി തുടങ്ങുന്നതിനായി ഉദ്ദേശിച്ചിരുന്ന പണിക്കു് ഇരുപതിനായിരം ഉറുപ്പിക പാലക്കാടു് ജില്ലാ കലക്ടർ അനുവദിച്ചിരിക്കുന്നു. ഇതിനായി രണ്ടേക്കർ സ്ഥലം ചൂട്ടറിലെ എൻ. കാന്തസ്വാമി ഗൗണ്ടർ ബ്ലോക്കിനു സംഭാവന നല്കിയിട്ടുണ്ടു്.

അട്ടപ്പാടി ബ്ലോക്കതിർത്തിയിൽ ഇപ്പോൾ അഗളിയിലെ ഡിസ്പെൻസറിയും മൊബൈൽ മെഡിക്കൽ യൂണിറ്റുമാണു് പ്രവർത്തിക്കുന്നതു്. ഇവയിൽ ഒന്നുകൂടി ഏർപ്പെടുത്തുന്നതിനുവേണ്ടിയാണു് പുതിയ ആസ്പത്രികെട്ടിടം പണയാൻ തീരുമാനിച്ചതു്.

—

കെ. എസ്. പി.

ഏറണാകുളം, മാ 31

കേരള സോഷ്യലിസ്റ്റ് പാർട്ടി പ്രവർത്തകരുടെ ഒരു സംസ്ഥാന സമ്മേളനം മദ്രാസ് കേഫിൽ വച്ചു് കൂടുകയുണ്ടായി. ഇന്നത്തെ രാഷ്ട്രീയ സ്ഥിതിഗതികളെക്കുറിച്ചു് സൂർക്ഷ്മമായ ചർച്ച നടത്തുകയും ചെയ്തിരിക്കുന്നു.

സഖാക്കൾ വി. കെ. വിശ്വംഭരൻ, കെ. സദാനന്ദശാസ്ത്രി, എ. വർഗ്ഗീസ് ആൻറണി, എന്നിവരടങ്ങിയ ഒരു പ്രസീഡിയമാണു് യോഗനടപടികൾ നിയന്ത്രിച്ചിരുന്നതു്. സഖാവു് പി. എഫ്. തോമസ്, ബി. എ. ബി. എൽ. സമ്മേളനോദ്ദേശങ്ങളെപ്പറ്റിയും സംസാരിച്ചു. സംസ്ഥാനത്തിൻറെവിവിധഭാഗങ്ങളിൽ നിന്നും ഉദ്ദേശം 200ൽപരം പ്രതിനിധികൾ സംബന്ധിച്ചിരുന്നു.സഖാക്കൾ എ. പി. പിള്ള, മത്തായി മാഞ്ഞൂരാൻ, കെ. എ. ധ്വജൻ, കെ. എ. റോയി, ടി. കെ. രാമകൃഷ്ണയ്യർ, റി. എൽ. കൊച്ചുപ്പൻ തുടങ്ങിയ 20–ൽ പരം പ്രതിനിധികൾ ചർച്ചയിൽ പങ്കെടുത്തുകൊണ്ടു് ഇന്നത്തെ രാഷ്ട്രീയ സാഹചര്യത്തിൽ കേരളത്തിൽ സുശക്തമായ ഒരു ദേശീയ നേതൃത്വം അനിർവാര്യമാണെന്നു് അഭിപ്രായപ്പെട്ടു. സുപ്രധാനങ്ങളായ പല തീരുമാനങ്ങൾക്കുശേഷം സഖാക്കൾ മത്തായി മാഞ്ഞൂരാൻ എ. പി. പിള്ള, കെ. സദാനന്ദശാസ്ത്രി, പി. എഫ്. തോമസ്, കെ.എം. റോയി എന്നിവരടങ്ങിയ ഒരു കേന്ദ്ര എക്സിക്യൂട്ടീവു് രൂപീകരിക്കുവാനും കൺവൻഷൻ വ്യവസ്ഥകൾ ഭരണഘടനയ്ക്കും എതിരായ പ്രസ്തുത കല്പനയുടെ നിയമസാധുത്വം ചോദ്യംചെയ്യാനും തീരുമാനിച്ചു.

—

ജനാധിപത്യ മന്ത്രിമാരുടെ "ലളിത" ജീവിതം

ന്യൂഡൽഹി, ഏ. 1

ഏറ്റിയ ജീവിതനിലവാരത്തിലേക്കു വാടിച്ച ഗാന്ധിജിയുടെ ഇന്ത്യയിൽ മന്ത്രിമാർക്ക് വിട്ടുപകരണങ്ങളും വൈദ്യുതിയന്ത്രങ്ങളും മറ്റും നൽകുന്നതിനു് മാസംതോറും ശരാശരി 30,000 ക. ചിലവാക്കേണ്ടിവരുന്നുണ്ടു്. കാരോത്തമദേയും ചിലവു് മുവടെ ചേർക്കുന്നു.

ജി. എൽ. നന്ദാ 37,458ക. ടി ടി. കൃഷ്ണമാചാരി 38,500ക. ഇന്ദിരാഗാന്ധി 35,129ക സ്വരൺസിംഗ് 33,650ക. വൈ. ബി. ചവാൻ 38,182ക. സഞ്ജീവ റെഡ്ഡി 20895ക. സി. സുബ്രഹ്മണ്യം 36,208ക. ഫക്രുദ്ദീൻ അലി അഹമ്മദ് 33,922ക. എം. സി. ചഗ്ലാ 32,982ക. ഡി. സഞ്ജീവയ്യാ 38,889ക. മഹാവീർ ത്യാഗി 30,317ക. എം. കെ. സെൻ 36,913ക. എസ്സ്. കെ. പാട്ടീൽ 7,410ക. സ്വരൺ മന്ത്രിമാരുടെ വീട്ടുപകരണച്ചിലവു് 30,000ത്തിൽ കവിഞ്ഞതു് മെഹർചന്ദ്ഖന്നാ, മനുഭായ്ഷാ, നിത്യാനന്ദകനുംഗോ, എസ്. കെ. ഡെ. കെ. രഘുരാമയ്യ, കെ. വി. അളകേശൻ, രാംസുഭഗ്സിംഗ്, ആർ. എം. ഹജർനാവിസ്, കെ. എൽ. റാവു എന്നിവർക്കുമാത്രമാണു്. സ്വരൺ മന്ത്രിമാരിൽ ഏറ്റവും മിതത്വം പുലർത്തിയതു് ഡോ: സുശീലാനയ്യർ 11,367ക. ആണു്.

ഡെപ്യൂട്ടിമന്ത്രിമാരുടെ ഈ ഇനത്തിലെ ചിലവു് 11,000ത്തിനും, 22,000ത്തിനും ഇടയ്ക്കാണു്. ഈ രംഗത്തു് ഏറ്റവും മുതലുള്ള ചിലവുചെയ്തതു് ഡോ: സുശീലാനയ്യർ 11,367ക. ആണു്.

കെ. എസ്. പി.

ഏറണാകുളം, മാ 31

കേരള സോഷ്യലിസ്റ്റ് പാർട്ടി പ്രവർത്തകരുടെ ഒരു സംസ്ഥാന സമ്മേളനം മദ്രാസ് കേഫിൽ വച്ചു് കൂടുകയുണ്ടായി. ഇന്നത്തെ രാഷ്ട്രീയ സ്ഥിതിഗതികളെക്കുറിച്ചു് സൂർക്ഷ്മമായ ചർക്ക നടത്തുകയും ചെയ്തിരിക്കുന്നു.

സഖാക്കൾ വി. കെ. വിശ്വംഭരൻ, കെ. സദാനന്ദശാസ്ത്രി, എ. വർഗ്ഗീസ് ആൻറണി, എന്നിവരടങ്ങിയ ഒരു പ്രസീഡിയമാണു് യോഗനടപടികൾ നിയന്ത്രിച്ചിരുന്നതു്. സഖാവു് പി. എഫ്. തോമസ് ബി. എ. ബി. എൽ. സമ്മേളനോദ്ദേശങ്ങളെപ്പറ്റിയും സംസാരിച്ചു. സംസ്ഥാനത്തിൻറെവിവിധഭാഗങ്ങളിൽ നിന്നും ഉദ്ദേശം 200ൽപരം പ്രതിനിധികൾ സംബന്ധിച്ചിരുന്നു.സഖാക്കൾ എ. പി. പിള്ള, മത്തായി മാഞ്ഞൂരാൻ, കെ. എ. ധ്വജൻ, കെ. എ. റോയി, ടി. കെ. രാമകൃഷ്ണയ്യർ, റി. എൽ. കൊച്ചുപ്പൻ തുടങ്ങിയ 20–ൽ പരം പ്രതിനിധികൾ ചർച്ചയിൽ പങ്കെടുത്തുകൊണ്ടു് ഇന്നത്തെ രാഷ്ട്രീയ സാഹചര്യത്തിൽ കേരളത്തിൽ സുശക്തമായ ഒരു ദേശീയ നേതൃത്വം അനിർവാര്യമാണെന്നു് അഭിപ്രായപ്പെട്ടു. സുപ്രധാനങ്ങളായ പല തീരുമാനങ്ങൾക്കുശേഷം സഖാക്കൾ മത്തായി മാഞ്ഞൂരാൻ എ. പി. പിള്ള, കെ. സദാനന്ദശാസ്ത്രി, പി. എഫ്. തോമസ്, കെ.എം. റോയി എന്നിവരടങ്ങിയ ഒരു കേന്ദ്ര എക്സിക്യൂട്ടീവു് രൂപീകരിക്കുവാനും കൺവൻഷൻ വ്യവസ്ഥകൾ ഭരണഘടനയ്ക്കും എതിരായ പ്രസ്തുത കല്പനയുടെ നിയമസാധുത്വം ചോദ്യംചെയ്യാനും തീരുമാനിച്ചു.

—

ഇന്ത്യയിലെ നദീതട പദ്ധതികൾക്കു് 5കോടി

ശബരിഗിരി പദ്ധതിക്കുമാത്രം അമേരിക്ക 18 കോടിക നൽകുന്നു

ന്യൂഡൽഹി, ഏപ്രിൽ 1

ഇന്ത്യയിലെ ഏഴു മുഖ്യനദീതടപദ്ധതികളുടെ വികസനത്തിനും കേരളത്തിലെയും ഉത്തരപ്രദേശിലെയും ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണത്തിനും കാർഷിക പുനർധനസഹായ കോർപ്പറേഷന്റെ വികസനത്തിനും കൂട്ടത്തൽസഹായം നൽകുന്നതിനു് മൊത്തം 56.6 കോടി രൂപായുടെ(11.8കോടി ഡോളർ)വായ്പകളും 5 കോടി രൂപായുടെ [1.05കോടി ഡോളർ] ഗ്രാൻറും അനുവദിച്ചിരിക്കുന്നതായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു.

ഈ വായ്പകളും ഗ്രാൻറും സമാധാനപരമായ ക്ഷുപരിപാടി (പി. എൽ. 480) അനുസരിച്ചുള്ള രൂപാ നിധിയിൽനിന്നാണു് നൽകപ്പെടുന്നതു്. ധനകാര്യവകുപ്പിന്റെ ഡെപ്യൂട്ടി സെക്രട്ടറി മി. സി. എസ്. സ്വാമിനാഥനും സാമ്പത്തിക വികസനത്തിനുള്ള അമേരിക്കൻ ഏജൻസിയുടെ ഇന്ത്യയിലെ ഡെപ്യൂട്ടി ഡയറക്ടർ മി. തോമസ് ഇ. നോട്ടനും കരാറുകളിൽ ഒപ്പുവച്ചു.

ഒന്നാമത്തെ കരാറിൻപ്രകാരം ഇന്ത്യയിലെ ഏഴു മുഖ്യ നദീതടപദ്ധതികൾക്ക്—ചംബൽ, ദാമോദർ നദീതടം, കോസി, കൊയ്ന, മഹാനദി ഡെൽറാ, നാഗാർജ്ജുനസാഗർ, ഭൂഗർഭ എന്നിവക്കുകൂടുതലായി34.3കോടി രൂപാനൽകപ്പെട്ടിരിക്കുന്നു. വേറെ അഞ്ചുപദ്ധതികൾക്ക്—ഭട്ര, കക്രപർ, ഹിരാക്കുഡ്, കൺഡാ, മാഹിയുടെവലത്തെ തീരത്തിലെ തോട് എന്നിവയ്ക്ക്—നേരത്തെ സഹായം നൽകപ്പെട്ടിട്ടുള്ളതാണു്. ഈ പദ്ധതികളെ എല്ലാംകൂടി വെള്ളപ്പൊക്കങ്ങളെ നിയന്ത്രിക്കുകയും 25 ലക്ഷം കിലോവാട്ട് ജലവൈദ്യുതി ഉൽപാദിപ്പിക്കുകയും മൊത്തം 90 ലക്ഷം ഏക്കർ ഭൂമി നനച്ചു് ഭക്ഷ്യോൽപാദനം വർദ്ധിപ്പിക്കുകയും ചെയ്യും.

അമേരിക്കയുടെ സമാധാനഭക്ഷ്യ (പി. എൽ. 480) പരിപാടിയനുസരിച്ചു് ഇന്ത്യയ്ക്കു നൽകപ്പെടുന്ന കാർഷിക വിഭവങ്ങൾക്കുള്ള വിറ്റ കിട്ടുന്ന രൂപാനാണയത്തിൽനിന്നാണു് അമേരിക്ക ഇതിനുമുമ്പു് ഈ 12 പദ്ധതികൾക്കു മൊത്തം 203.3 കോടി രൂപായുടെ വായ്പകളും ഗ്രാൻറുകളും നൽകിയിട്ടുണ്ടു്.

രണ്ടാമത്തെ വായ്പയായ 18.4 കോടി രൂപാ ശബരിഗിരി ജലവൈദ്യുത പദ്ധതിയുടെ രൂപാനാണയത്തിലുള്ള ചെലവുകൾ വഹിക്കാൻ നൽകപ്പെട്ടിരിക്കുന്നു. പ്രസ്തുത പദ്ധതിയുടെ വിദേശനാണ്യച്ചെലവു്, 1962ൽ അമേരിക്ക നല്കിയ 2.02 കോടി ഡോളർ വായ്പകൊണ്ടു് നിവൃത്തിക്കപ്പെട്ടു.

3.3 കോടി രൂപായുടെ മൂന്നാമത്തെ വായ്പ റിഹാൻഡ് നദീതട പദ്ധതിക്കാണു്.

നാലാമത്തെ കരാറനുസരിച്ചു് അമേരിക്കൻ ഗവണ്മെൻറ്, കാർഷിക പുനർധനസഹായ കോർപ്പറേഷന്റെ മൂലധനവിഭവങ്ങളും പോഷിപ്പിച്ചീക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും 5 കോടി രൂപയുടെ(1.05 കോടി ഡോളർ) ഒരു ഗ്രാന്റു് നൽകിയിരിക്കുന്നു. കാർഷിക വായ്പകൊടുക്കായുള്ള ഒരു സ്വയംഭരണസ്ഥാപനമാണു് 1963 ജൂലൈയിൽ രൂപവൽക്കരിക്കപ്പെട്ട പ്രസ്തുത കോർപറേഷൻ.

....

ഹിസ്റ്ററി കൺവെൻഷൻ എറണാകുളത്തുവെച്ചു്

ഏറണാകുളം, ഏപ്രിൽ 2

പബ്ലിസിറ്റി കൺവീനർ ശ്രീ. ടി രാമപുരം സുകുമാരൻ ഇപ്രകാരം എഴുതുന്നു:

കേരള ഹിസ്റ്ററി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ മേയ്മാസത്തിൽ മൂന്നു ദിവസങ്ങളിലായി എറണാകുളത്തുവെച്ചു് നടത്താൻ തീരുമാനിച്ചിട്ടുള്ള ഹിസ്റ്ററി കൺവെൻഷനിൽ അവതരിപ്പിക്കുന്ന പ്രധാന പ്രബന്ധങ്ങളും താഴെ പറയുന്ന വയായിരിക്കും: പൊതുപച്ചി സമ്മേളനത്തിൽ 'പൂരിതവും സാമാന്യജനങ്ങളും' 'പരിണാത്തിലെ ദേശീയോൽഗ്രഥനം' 'പരിണാത്തിലെ സൗന്ദര്യവീക്ഷണം', 'കേരളത്തിന്റെ നിർമ്മാണത്തിനായുള്ള പദ്ധതി' 'ആക്കേവ്സും ചരിത്രവും' എന്നീ വിഷയങ്ങളെ അവതരിപ്പിക്കപ്പെടും. ചരിത്ര–ശാസ്ത്ര സമ്മേളനത്തിലെ വിഷയങ്ങളാം 'ചരിത്രവും നരവംശശാസ്ത്രവും, ചരിത്രഗവേഷണവും നിഗമനവും' 'ചരിത്രവും പുരാവസ്തു ഗവേഷണവും', 'ചരിത്രവും പുരാരേഖാ സംരക്ഷണവും' 'ചരിത്രവും ഭാഷയും' 'ചരിത്രവും ഗസാറിയറും' എന്നിവയും, കേരളചരിത്ര സമ്മേളനത്തിൽ അവതരിപ്പിക്കുന്ന വിഷയങ്ങൾ 'പ്രാചീനകേരളം' 'ശിലായുഗകേരളം' 'കേരളത്തിലെ ആദ്യലോഹകാലഘട്ടം' 'മധ്യകാലഘട്ടം' 'ഡച്ച് കാലഘട്ടം' 'ബ്രിട്ടീഷ് ഇന്ത്യാ കമ്പനി — കേരളത്തിൽ' 'കേരളത്തിലെ സ്വാതന്ത്ര്യസമരങ്ങൾ' 'കേരളത്തിലെ നവോത്ഥാനം' 'ആക്കിയോളജി കേരളത്തിൽ' 'ആക്കേവ്സ് കേരളത്തിൽ' 'കേരളവും ആദിവാസി ഗിരിവർഗ്ഗവും' എന്നിവയുമായിരിക്കും.

ചരിത്രഗവേഷണത്തിലും നിർമ്മാണമണ്ഡലത്തിലും പ്രശസ്തിയാർജ്ജിച്ചവരാണു് പ്രബന്ധങ്ങളും ആധികാരികമായി സമർപ്പിക്കുന്നതു്. പ്രസിദ്ധ നരവംശശാസ്ത്രജ്ഞനായ ഡോ: എ. അയ്യപ്പൻ, ദക്ഷിണേന്ത്യൻ ചരിത്രകാരനായ പ്രൊഫ: നീലകണ്ഠശാസ്ത്രി, ഇന്ത്യൻ സാമ്പത്തികചരിത്ര ശ്രദ്ധാനിധിയുടെ പ്രധാന എഡിറ്റർമാരായ ഡോ: താരാചന്ദ് എന്നിവർ വിവിധ ചർച്ചകൾക്കു് നേതൃത്വം നല്കുന്നതാണു്. സമ്മേളനത്തോടനുബന്ധിച്ചു് പുരാതന ചരിത്രരേഖകളുടെ ഒരു പ്രദർശനവും സംഘടനാ ചെയ്തിട്ടുണ്ടു്. മെമ്പർമാരുടെ സംഖ്യ 9–നും 19–നും ഇടയ്ക്കായിരിക്കണം.

....

അദ്ധ്യാപകന്റെ റിട്ട്

എറണാകുളം, ഏ. 1

ഗവണ്മെണ്ടു് പ്രൈമറി സ്കൂളിലെ അദ്ധ്യാപകരുടെ മുഴുവൻകാലം ഗവണ്മെണ്ടു് സർവ്വീസ് കണക്കിലെടുത്തു് 1–4–55ലെ പരിഷ്കരിച്ച ശമ്പള ഫിക്സ്ചെയ്തു് കിട്ടാൻവേണ്ടി കെ. ജി. പി. ടി. അസോസിയേഷൻ ഇരിങ്ങാലക്കുട ജില്ലാസമിതി പ്രസിഡണ്ടു് എൻ. എ. രാമൻമാസ്റ്റർ അഡ്വൊക്കറ്റ് കെ. ചന്ദ്രശേഖരൻ മുഖേന ഹൈക്കോടതിയിൽ ഒരു റിട്ട് ഫയൽചെയ്തിരിക്കുന്നു.

പഴയ കൊച്ചിയിലെ അദ്ധ്യാപകരുടെ വിവിധ ഡിപ്പാർട്ടുമെണ്ടു് സർവ്വീസ്കണക്കുകൾ പരിശോധിച്ചാണു് 19–12–57 ലെ 29700/57–ാം നമ്പു് ജി. പി. പ്രകാരം വെയിറ്റേജ് നൽകിയതെങ്കിലും കമ്മീഷൻറ് വ്യവസ്ഥക്ക് ഭരണഘടനയ്ക്കും എതിരായ പ്രസ്തുത കല്പനയുടെ നിയമസാധു

23000 ക. ഇന്ത്യ നഷ്ട പരിഹാരംനൽകി?

അമേ: കപ്പൽ കൊച്ചിതുറമുഖത്ത് കെട്ടിക്കളിപ്പിച്ചതിനു കിട്ടിയ കൂലി

[പ്ര. ലേ] എറണാകുളം, ഏ. 1

സംസ്ഥാനത്തു് ഭക്ഷ്യക്ഷാമം കൊടുമ്പിരികൊണ്ടയവസരത്തിൽ അമേരിക്കയിൽനിന്നും വന്ന ഗോതമ്പ് കപ്പൽ 28 ദിവസം അനാവശ്യമായി കെട്ടിക്കിടക്കുവാൻ അനുവദിച്ചുവെന്നതിനു് നഷ്ടപരിഹാരമായി ഇന്ത്യാഗവണ്മെണ്ടു് 23000 രൂപ കപ്പൽകമ്പനിക്കു് കൊടുത്തതായ ഒരു വാർത്ത ലഭിച്ചിരിക്കുന്നു.

കപ്പൽ കമ്പനിക്കാർ 23000 ഡോളറാണു് നഷ്ടപരിഹാരമായി ഇന്ത്യാഗവണ്മെണ്ടിൽനിന്നും ആവശ്യപ്പെട്ടതെന്നറിയുന്നു.

കപ്പലിൽകൊണ്ടുവന്ന ഗോതമ്പു് ലോഡ് ചെയ്യുവാൻ ഒരു ദിവസംമാത്രമേ അമേരിക്കയിൽ വേണ്ടിവന്നുള്ളൂ. ഇന്ത്യയിലെ ഭക്ഷ്യക്ഷാമത്തിന്റെ കഥകേട്ട മാത്രയിലാണു് ഗോതമ്പുകപ്പൽ കേരളത്തിലേക്കയച്ചതു്.

കപ്പൽ കൊച്ചിതുറമുഖത്തു് കെട്ടികിടക്കുന്നതിനു് ഇടവരുത്തിയ ഉദ്യോഗസ്ഥന്മാരുടേയും, തൊഴിലാളികളുടേയും പോരായ്മകൊണ്ടാണു് ഇന്ത്യാ ഗവണ്മെണ്ടു് നടപടി എടുത്തതു വരുന്നതായും അറിയുന്നു.

ലൂർ ഡംമ്പിങ്ങ് ഗ്രൗണ്ട് മാറണം

ബാർ അസോസിയേഷന്റെ പ്രമേയം

തൃശ്ശൂർ, ഏ. 1

ഇന്നലെ ഉച്ചതിരിഞ്ഞ് പ്രസിഡണ്ടു് ടി. എ. ബാലകൃഷ്ണപിള്ളയുടെ അദ്ധ്യക്ഷതയിൽ ചേർന്ന തൃശ്ശൂർ ബാർ അസോസിയേഷന്റെ വാർഷിക പൊതുയോഗം സർവ്വസമ്മതമായി അംഗീകരിച്ച പ്രമേയത്തിൽ അയ്യന്തോളിനേയും അതിന്റെ പരിസരങ്ങളേയും വൃത്തിവച്ചുവരുന്ന പ്രാധാന്യത്തെ പരിഗണിച്ചു് ലൂർലുള്ള മുനിസിപ്പൽ ഡംബിംഗ് ഗ്രൗണ്ടു് അവിടെനിന്നു് മാറുകയൊ അല്ലെങ്കിൽ അവിടെ ഒരു സൈനറേസേഷൻ ടീറ്റമെന്റു് പ്ലാന്റു് സ്ഥാപിക്കുകയൊ ചെയ്യണമെന്നു് കേരള ഗവണ്മെണ്ടിനോടും തൃശ്ശൂർ മുനിസിപ്പാലിറ്റിയോടും അഭ്യർത്ഥിച്ചിരിക്കുന്നു. അയ്യന്തോളിലോ അതിന്റെ പരിസരത്തിലൊ എല്ലു് സംഭരിക്കുവാനുള്ള ലൈസൻസു് ആർക്കും കൊടുക്കരുതെന്നു് യോഗം ഹെൽത്തു് സൂപ്പർവൈസർ ഡയരക്ടറോടും പഞ്ചായത്തു ഡയരക്ടറോടും അഭ്യർത്ഥിച്ചു.

യോഗം ബാർ അസോസിയേഷന്റെ അടുത്ത കെല്ലത്തെ ഭാരവാഹികളായി എൻ. കേശവൻ നമ്പൂതിരി (പ്രസിഡണ്ടു്) വി. വി. ഉണ്ണികൃഷ്ണൻ (സിക്രട്ടറി) കെ. ഭാസ്കരൻ (ട്രഷറർ) ടി. പി. ഡയസ്, എ. എ. ഡേവിസ്, ടി. രാമകൃഷ്ണൻ, കെ. എസ്. രാജൻ എന്നിവരെ തെരഞ്ഞെടുത്തു.

....

ചെയി മഹോത്സവം പൊടിയിട്ടു

പി ടി ഐ കാണ്ടമാണ്ടു, ഏ 2

തൈപൊങ്കൽ നേപ്പാളിലെ സൌഹാർദ്ദസംഘടന നല്ലനിലയിൽ കൊണ്ടാടുന്നതിനു വേണ്ടി ചൈനീസ് വിദേശകാര്യമന്ത്രി ചൌ-എൻ-ലായ് ഇന്ത്യയേയും, സോവിയറ്റ് യൂണിയനേയും പ്രതിനിധീകരിച്ചു് ഇന്നു രാവിലെ കാഠ്മണ്ടുവിൽ എത്തിച്ചേർന്നു.

ചില രാഷ്ട്രങ്ങൾ ചേരിചേരാനയമാണു് അനുവർത്തിക്കുന്നതെന്നു് പറയുന്നുണ്ടു്. പക്ഷെ യഥാർത്ഥത്തിൽ അവ ചേരികളുമായി ചേർന്നു് നില്ക്കുകയാണെന്നു് നേപ്പാളികളല്ലാത്ത പല പ്രതിനിധികളെ ഒഴിച്ചു് നിർത്തിയ ഈ സ്വീകരണത്തിൽ ചൌ-എൻ-ലായ് പറഞ്ഞു.

'ഞങ്ങളുമായി ചേർന്നു് നില്ക്കുന്ന ഒരു രാഷ്ട്രം ഞങ്ങളോടു് സൌഹാർദ്ദത്തിലല്ല' എന്നു് സോവിയറ്റ് യൂണിയനെ ഉദ്ദേശിച്ചുകൊണ്ടു് ചൌ-എൻ-ലായ് കൂട്ടിച്ചേർത്തു. നേപ്പാൾ തികച്ചും ഒരു നിഷ്പക്ഷ രാഷ്ട്രമാണെന്നു് ചൌ-എൻ-ലായ് അടിവരയിട്ടു പറഞ്ഞു.

"ഡോക്ടർ ഷിവാഗോ" വെള്ളിത്തിരയിലേക്കു്

ബോറിസ് പാസ്റ്റർനാക്കിന്റെ 'ഡോക്ടർ ഷിവാഗോ' എന്ന സുപ്രസിദ്ധ നോവലിൻറെ ചലച്ചിത്ര നിർമ്മാണം ഹോളിവുഡ്ഡിലെ എം. ജി. എം. കമ്പനി ആരംഭിച്ചിരിക്കുന്നതായി റിപ്പോർട്ടു ചെയ്തിരിക്കുന്നു. മി: ഡേവിഡ്‌ലീൻ ഡയറക്ടു ചെയ്യുന്ന ഈ ചിത്രത്തിന്റെ കൌട്ടു് ഡോർ ഷൂട്ടിംഗു് മുഴുവനും സ്പെയിനിലാണു് നടക്കുന്നതു്.

ഈ ചിത്രനിർമ്മാണത്തിനുവേണ്ടി എം. ജി. എം. കമ്പനിക്കാർ മാഡ്രിഡിൽ ഏകദേശം 10 ഏക്കർ വിസ്തൃതിയുള്ള ഒരു പ്രദേശത്തു് സ്റ്റുഡിയോ നിർമ്മിച്ചുകഴിഞ്ഞിട്ടുണ്ടു്. ഈ പ്രദേശത്തു് 1912_1924-ലെ സൈനിക മോസ്കോയിലെ തെരുവുകളെല്ലാംതന്നെ പുനർനിർമ്മിക്കുന്നുണ്ടു്. ഈ ചിത്രത്തിൽ നായകന്റെ ഭാഗം അഭിനയിക്കുന്നതു് ഓമർഷെറീഫാണു്. ഡോക്ടർ ഷിവാഗോ എന്ന നോവലിലെ രണ്ടു പ്രധാന സ്ത്രീകളുടെ ഭാഗങ്ങൾ അഭിനയിക്കുന്നതു് ജൂലിയാന്റ്സ്റ്റിയും, ചർലീ ചാപ്ലിന്റെ പുത്രിയായ 20 വയസ്സു് പ്രായമുള്ള ജെറാൾഡിൻ ചാപ്ലിനുമാണു്.

(കേരള പ്രസ്സു്)

തൃശ്ശൂർ വാർത്തകൾ

(സ്വ. ലേ) ഏ. 2

പുതിയ സ്ഥാപനം

'ഗ്ലോബൻ ട്രേഡേഴ്സു് ആൻറു് ഇൻഡസ്ട്രീസു്' എന്ന പേരിൽ ഒരു പുതിയ വ്യവസായസ്ഥാപനം ചൈറോഡിൽ ആരംഭിച്ചിരിക്കുന്നു. തൃശ്ശൂർ പുത്തൻപള്ളി വികാരി ഇന്നലെ വൈകീട്ടു് പുതിയ സ്ഥാപനത്തിന്റെ വെബ്സൈറ്റു പ്രവർത്തനം നിർവ്വഹിച്ചു.

ലോകാരോഗ്യദിനം

ഏപ്രിൽ 7_ാംതീയതി ലോകാരോഗ്യദിനമായി ആഘോഷിക്കുന്നതിനും ആവശ്യമായ പരിപാടികളെക്കുറിച്ചു് ആലോചിക്കുന്നതിനായി ഉദ്യോഗസ്ഥന്മാരുടെ ഒരു യോഗം ഏപ്രിൽ 4_ാംനു രാവിലെ 10 മണിക്കു് ആർ. ഡി. ഓ. യുടെ ആഫീസ്സിൽവച്ചു ചേരുന്നതാണു്.

സൌജന്യം

കലാസംബന്ധമായ വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകൾക്കും മറ്റും ലളിതകലാ അക്കാദമിഹാൾ കാഫീസ്സമയങ്ങളിൽ സൌജന്യമായി ഉപയോഗിക്കാവുന്നതാണെന്നു അക്കാദമി സെക്രട്ടറി അറിയിച്ചിരിക്കുന്നു.

അപേക്ഷ ക്ഷണിക്കുന്നു

നിയമവകുപ്പിൽ ടേൺസ്റ്റേറോർ [കണ്ണാടകം] മെഡിക്കൽ കോളേജിൽ നോൺ മെഡിക്കൽ ഡെമോൺസ്ട്രേറ്റർ, മെഡിസിൻ ട്യൂട്ടർ, സർവ്വെ വകുപ്പിൽ ടെയിസർ, സാങ്കേതിക വിദ്യാഭ്യാസവകുപ്പിൽ [പോളി ടെക്നിക്കു്] സിവിൽ എഞ്ചിനീയറിംഗു് ഡെമോൺസ്ട്രേറ്റർ എന്നീ ജോലികൾക്കു് പബ്ലിക്കു് സർവ്വീസു് കമ്മീഷൻ അപേക്ഷ ക്ഷണിച്ചിരിക്കുന്നു. വിശദവിവരങ്ങൾ മാർച്ചു് 30_ാംനു യിലെ ഗസറ്റിൽ പ്രസിദ്ധം ചെയ്തിട്ടുണ്ടു്.

....

വാഹന അപകടങ്ങൾ

(സ്വ ലേ) ഇരിങ്ങാലക്കുട, ഏ. 1

ഇന്നലെ കാട്ടുങ്ങച്ചിറയിൽവച്ചു ഒരു ലോറിയും പി. എസ്. എൻ. കാരുടെ ഒരു ബസ്സും തമ്മിൽ കൂട്ടിമുട്ടുകയുണ്ടായി. ലോറിക്കു കേടുപറ്റിയതല്ലാതെ ആളുകൾക്കു പരുക്കൊന്നും പറ്റുകയുണ്ടായില്ല. ഇന്നു പുലർച്ചെ അങ്ങാടിജംക്ഷനിൽ കിഴക്കോട്ടുവച്ചും ഒരു ലോറിയും പി. എസ്. എൻ. കാരുടെ ബസ്സുതമ്മിൽ കൂട്ടിമുട്ടുകയുണ്ടായി. ആൾക്കു പരിക്കൊന്നും ഏല്പിക്കയുണ്ടായില്ല

....

മടങ്ങിയെത്തുന്നതിനു മുമ്പു് ഷേക് ചൈന സന്ദർശിക്കും

ചൌ കാശ്മീരികളുടെകൂടെയാണെന്നു് ഷേക്

(റോയിട്ടർ, കെയറോ, ഏപ്രിൽ 1

ഇന്ത്യയിലേക്കു് മടങ്ങുന്നതിനുമുമ്പു് ഷേക്അബ്ദുള്ള പെക്കിംഗ് സന്ദർശിക്കുമെന്നു് പ്രതീക്ഷിക്കുന്നതായി ഇവിടെയുള്ള ചൈനീസ് എമ്പസിയോടടുത്ത വൃത്തത്തിൽനിന്നും അറിവായിരിക്കുന്നു.

അഡ്മിനിസ്ട്രേറ്റീവ് നേതാക്കന്മാരുമായി സംഭാഷണം നടത്തിയശേഷം കഴിഞ്ഞ ശനിയാഴ്ച ഇവിടെ എത്തിയ മി. ഷേക്, മെക്കയിലേക്കു് ഹജ്ജ്തീർത്ഥയാത്രപോകുന്നതിനുമുമ്പു് രണ്ടുദിവസം ഇവിടെ ചിലവഴിക്കും. കെയറോവിലേക്കു തന്നെ അദ്ദേഹം തിരിച്ചെത്തുന്നതും അവിടെനിന്നു് പാക്കിസ്ഥാനിലേക്കും പാക്കിസ്ഥാനിൽനിന്നു് ചൈനയിലേക്കും പോകുന്നതുമാണെന്നും ഈ വൃത്തം അറിയിച്ചു.

'ചൌ ഞങ്ങളുടെ കൂടെ'

അഡ്മിനിസ്ട്രേഷനിൽവെച്ചു് താൻ ചൌ എൻലായിയെ കണ്ടകയുണ്ടായെന്നും കാശ്മീരികളുടെ സ്വയം നിർണ്ണയാവകാശത്തിനുള്ള അവകാശത്തെ ചൈനീസ് ഗവൺമെന്റു് എപ്പോഴും പിന്താങ്ങുകയുണ്ടായെന്നും മി. ഷേക്അബ്ദുള്ള റേഡിയോ പറഞ്ഞു.

ചൈന സന്ദർശിക്കുന്നതിനു് മി. ചൌഎൻലായി തന്നെ ക്ഷണിക്കുകയുണ്ടായെന്നും അദ്ദേഹം അറിയിച്ചു. ഞാൻ അദ്ദേഹത്തോടു് നന്ദി പറഞ്ഞു. സാഹചര്യങ്ങളും അനുവദിക്കുകയാണെങ്കിൽ ഞാൻ ഈ ക്ഷണം ഉപയോഗപ്പെടുത്തുമെന്നു് മി. ഷേക് പറഞ്ഞു.

പ്രധാനമന്ത്രി ചൌഎൻലായി അഡ്മിനിസ്ട്രേഷനിലെത്തിയപ്പോൾ അദ്ദേഹത്തെ സന്ദർശിക്കുവാൻ സൌകര്യപ്പെടുത്തിയതിനും അടിസ്ഥാനത്തിൽ ഉടനടി ഗവണ്മെണ്ടിലേക്കു റിപ്പോർട്ടു് സമർപ്പിക്കാമെന്നു ഡയരക്ടർ പ്രസിഡണ്ടിനു ഉറപ്പുകൊടുത്തതായും അറിയുന്നു.

വമ്പത്തി!

[സ്വ ലേ] എറണാകുളം, ഏ. 1

താൻ ചെയ്ത സാരിമോഷണം വെളിപ്പെട്ടതിനെതുടർന്നാണെന്ന പരയപ്പെടുന്ന സ്വയം കഠാരിക്കുത്തിയ ഒരു യുവതിയെ ഇന്നു വൈകീട്ടു് ഇവിടെയുള്ള ഒരു ലേഡ്സ് ഹോസ്റ്റലിൽനിന്നു് പോലീസ് കസ്റ്റഡിയിലെടുത്തു് ആസ്പത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു.

ഇവിടെ സൌത്തു് റെയിൽവേസ്റ്റേഷനടുത്തുള്ള വിസ്പും ട്യൂട്ടോറിയൽ കോളേജിൽ ടൈപ്പ്റൈറ്റിങ്ങു് പരിശീലിച്ചിരുന്ന പ്രസ്തുത യുവതി ലേഡ്സ് ഹോസ്റ്റലിൽ ഇന്നാണു് താമസത്തിനുവന്നതു്. നേരത്തെ ഈ യുവതി വൈ. ഡബ്ലിയു. സി. എ. യിലായിരുന്നു താമസിച്ചിരുന്നതു്. അവിടെയുള്ള ഒരു വിദ്യാർത്ഥിനിയുടെ ഏതാനും സാരികൾ ഇന്നു കാണാതാവുകയും തുടർന്നു വൈ. ഡബ്ലിയു. സി. എ. സിക്രട്ടറിയും വിദ്യാർത്ഥിനിയും കൂടി ഹോസ്റ്റലിൽവന്നു ഇതിനെപ്പറ്റി അന്വേഷിച്ചപ്പോൾ കുപ്പായത്തിനുള്ളിൽ ഒളിപ്പിച്ചുകൊണ്ടുപോകുവാൻ ശ്രമിക്കുന്നതിനിടയിൽ പിടിക്കപ്പെട്ടതിനെതുടർന്നു് പോലീസിൽ പരാതിപ്പെടുകയുണ്ടായെന്നും സാരി മോഷണംപോയ വിദ്യാർത്ഥിനിയുടെ അച്ഛൻ ഇതിനെതുടർന്നു് പോലീസിൽ പരാതിപ്പെടുകയും അതനുസരിച്ചു് ഒരു ഹെഡ് കൺസ്റ്റബിളിനെ സ്ഥലത്തുവന്നു് പോകുവാൻ ചെയ്തപ്പോൾ പ്രസ്തുത യുവതി മുറിയിൽ കയറി സ്വയം കുത്തി ആത്മഹത്യക്കു ശ്രമിക്കുകയാണുണ്ടായതു്. യുവതിയെ പിന്നീടു് പോലീസുവൻ കൊണ്ടുവന്നു് ആസ്പത്രിയിലെത്തിച്ചു.

....

ടെലഗ്രാം താമസിച്ചാൽ പണം മടക്കിക്കിട്ടും

(പി ടി ഐ) ന്യൂഡൽഹി, ഏ 1

കമ്പിസന്ദേശങ്ങൾ താമസിക്കുകയും തപാലിൽ അയയ്ക്കപ്പെടുകയും ചെയ്താൽ ബുക്കിംഗ്ചാർജ്ജായ 50 പൈസാ കൂടുതൽ ബാക്കി തുക മുഴുവനും കമ്പിയടിച്ച ആളിനു് മടക്കിക്കൊടുക്കാൻ കമ്പിത്തപാൽവകുപ്പു തീരുമാനിച്ചിരിക്കുന്നു. എക്സ്പ്രസ് ടെലഗ്രാമുകൾ 24 മണിക്കൂറും സാധാരണ ടെലഗ്രാമുകൾ 48 മണിക്കൂറും താമസിച്ചാണു് മേൽവിലാസക്കാരനു കിട്ടുന്നതെങ്കിൽ തുക മടക്കിക്കൊടുക്കണമെന്നതാണു് പുതിയ നിയമം.

ഇന്ത്യൻ ടെലഗ്രാഫിക് ചട്ടങ്ങളിൽ ഒരു വ്യവസ്ഥയുണ്ടു്. എന്തെങ്കിലും കാരണവശാൽ മേൽവിലാസക്കാരനു കമ്പി കിട്ടാൻ താമസിച്ചാൽ തുക മടക്കിക്കൊടുക്കണം എന്നു്. കമ്പിയടിക്കുന്ന ആൾ അപേക്ഷിച്ചെങ്കിൽമാത്രമേ കിട്ടുമായിരുന്നുള്ള ഇപ്പോൾ അങ്ങനെ അപേക്ഷിച്ചില്ലെങ്കിൽത്തന്നെയും, കമ്പിത്തപാൽ വകുപ്പു തുക തിരിച്ചുകൊടുക്കുന്നതാണു്.

നിയ്യാതയായി

കൊടകര, ഏ. 1

തൃശൂർ രൂപതാ കത്തോലിക്കാ കോൺഗ്രസ് പ്രസിഡണ്ടു് ലോനപ്പൻ നമ്പാടൻറെ മാതാവു് പൂമേന (72) ഇന്നലെ വൈകുന്നേരം നിര്യാതയായിരിക്കുന്നു. ശവസംസ്കാരം ഇന്നുച്ചക്കു് നടത്തപ്പെട്ടു.

ഭ്രൂണഹത്യക്കു് ലൈസൻസു് നൽകാൻ തന്റെ സർക്കാരിനെകിട്ടില്ല

മദ്രാസിലെ പെൺമന്ത്രി തുറന്നടിക്കുന്നു

മദ്രാസു്, മാ 31

ഭ്രൂണഹത്യക്കു് നിയമസാധുതനൽകുന്ന കാര്യത്തിൽ മദ്രാസു് ഗവണ്മെണ്ടിനു് അശക്തലനിലയല്ലാ ഉള്ളതെന്നു് ഹെൽത്തു് മിനിസ്റ്റർ ശ്രീമതി ജ്യോതി വെങ്കിടാചലം അസംബ്ലിയിൽ പ്രസ്താവിക്കുകയുണ്ടായി.

ജനസംഖ്യാവർദ്ധനവിനെതടയുവാൻ ഗവണ്മെണ്ടിനു ജപ്പാൻ അംഗീകരിച്ചിട്ടുള്ള ഈ നടപടി മദ്രാസു് പ്രവിശ്യയിൽ സ്വീകരിക്കുമോ എന്നുണ്ടായ ചോദ്യത്തിനു് നൽകിയ മറുപടിയിലാണു് ഹെൽത്തു് മിനിസ്റ്റർ ഈ വിവരം വെളിപ്പെടുത്തിയതു്. ചില സിനിമാ കമ്പനിക്കാർ തെരുവുകളിൽ പ്രദർശിപ്പിച്ചുപോരുന്ന അശ്ലീല ചിത്രങ്ങളും ജനസംഖ്യാ വർദ്ധനവിനെ തടയാനുള്ള മാർഗ്ഗങ്ങളെ തടസ്സപ്പെടുത്തുകയല്ലേ എന്ന ചോദ്യത്തിനു്, ആകാര്യം ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നും മന്ത്രിപ്രസ്താവിച്ചു. [കേ പ്ര]

യങ്ങ്മെൻസ് അസോസിയേഷൻ

പാലസ്തീൻ, ഏ. 1

പഞ്ചായത്തു് മെമ്പർ പി. വി. ചാക്കുണ്ണി മാസ്റ്ററുടെ അദ്ധ്യക്ഷതയിൽ പാലസ്തീനിലെ യുവാക്കന്മാരുടെ ഒരു യോഗം ചേരുകയും "യങ്ങ്മെൻസ്" അസോസിയേഷൻ ('വൈ. എം. എ.') എന്ന പേരിൽ ഒരു സംഘടന രൂപീകരിക്കുകയും ഏകദേശം അമ്പതോളം അംഗങ്ങളെ ചേർക്കുകയും ചെയ്തിരിക്കുന്നു. സംഘടനക്കു് 5 പേർ അടങ്ങുന്ന ഒരു ഡയറക്ടർ ബോർഡും 7 പേർ അടങ്ങുന്ന ഒരു പ്രവർത്തക കമ്മറിയും തിരഞ്ഞെടുത്തു. കായിക പരവും, വ്യവസായപരവും, വിദ്യാഭ്യാസപരവും, സാംസ്കാരികവുമായ എല്ലാ തുറകളിലും പെട്ടവരുടെയിടയിൽ അറിവുണ്ടാക്കിക്കൊടുക്കുകയും വിവിധ തുറകളിൽനിന്നുമുള്ള നാനാവിധ സഹായങ്ങളും നാടിനു നേടിയെടുക്കുകയുമാണു് സംഘടനയുടെ മുഖ്യോദ്ദേശം.

സഭാകോമ്പൌണ്ടിലെ സംഭാഷണം ബില്ലാക്കുന്നു

[പ്രാ. ടി. ഐ] ന്യൂഡൽഹി, ഏ. 2

സഭയിലെ കോമ്പൌണ്ടിലെ സംബന്ധിക്കുന്ന ഭരണഘടനാ ചട്ടത്തെ ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ബിൽ തയ്യാറാക്കുന്നുണ്ടെന്നും, സാമ്പത്തിക കാര്യങ്ങളും അവസാനിച്ചതിനുശേഷമേ അതു കൊണ്ടുവരുവാൻ നിവർത്തിയുള്ളുവെന്നും പാർലിമെന്ററികാര്യമന്ത്രി സത്യനാരായൺ സിൻഹ ഇന്നു് ലോകസഭയിൽ പ്രസ്താവിച്ചു.

സഭയിൽ കോരമില്ലെന്നുള്ള പരാതി പലപ്പോഴും പൊന്താറുണ്ടു്.

.....

എറണാകുളം വാർത്തകൾ

എറണാകുളം, ഏപ്രിൽ 1

നാവികസേനയിലേയ്ക്കു് ആട്ടിഫിസർ അപ്രന്റിസുകളായി ഏതാനുംപേരെ തെരഞ്ഞെടുക്കുന്നുണ്ടെന്നും താല്പര്യമുള്ളവർ ബ്രാഞ്ചു് റിക്രൂട്ടിംഗു് ഓഫീസർ, എറണാകുളം_6 എന്ന വിലാസത്തിൽ എഴുതിയാൽ അപേക്ഷാഫോറം ലഭിക്കുന്നതാണെന്നും റിക്രൂട്ടിംഗു് ഓഫീസർ വിജ്ഞാപനം ചെയ്തിരിക്കുന്നു. അപേക്ഷകർ 1948 ഫെബ്രുവരി 14_നും 1950 ഓഗസ്റ്റു് 14_നും മദ്ധ്യേ ജനിച്ചവരും, കണക്കു് സയൻസു് എന്നീ വിഷയങ്ങടം എടുത്തു് എസ്. എസ്. എൽ. സി. പാസ്സായവരും 5 അടി ഉയരം 10½ റാത്തൽ തൂക്കം, 29_31 ഇഞ്ചു് നെഞ്ചളവു് എന്നിവ ഉള്ളവരും ആയിരിക്കേണ്ടതാണു്.

സഹകരണസംഘത്തിന്നു് വായ്പ

മൂവാറ്റുപുഴ സബ്ബ്രജിസ്ട്രാഫീസിലാളി വ്യവസായ സഹകരണസംഘത്തിന്നു് വെള്ളി ആഭരണവ്യവസായം വികസിപ്പിക്കുന്നതിന്നുവേണ്ടി 5,000 രൂപ വായ്പ അനുവദിച്ചുകൊണ്ടു് ജില്ലാകലക്ടർ ഉത്തരവു് പുറപ്പെടുവിച്ചിരിക്കുന്നു.

അഭയാർത്ഥിക്കു് ധനസഹായം

ബമ്മയിൽനിന്നു് തിരിച്ചയക്കപ്പെട്ട രാമമംഗലം സ്വദേശിയായ ശ്രീ. പി. പരമേശ്വരൻനായർക്കു് കാഞ്ചികൃഷിയിൽ ഏർപ്പെടുന്നതിനായി 1,000 രൂപ വായ്പ അനുവദിച്ചുകൊണ്ടു് ജില്ലാകളക്ടർ ഉത്തരവു് പുറപ്പെടുവിച്ചിരിക്കുന്നു.

ഭവനനിർമ്മാണവായ്പ

ഗവർമ്മെണ്ടു് ഡെപ്യൂട്ടി സെക്രട്ടറി ശ്രീ. മീനാക്ഷിയുടെ വീട്ടിലെ ഒരു വീടു് നിർമ്മിക്കുന്നതിനുവേണ്ടി 16,000 രൂപ വായ്പ അനുവദിച്ചുകൊണ്ടു് ജില്ലാകളക്ടർ ഉത്തരവു് പുറപ്പെടുവിച്ചിരിക്കുന്നു.

അനുമതി നല്കി

മേയ്മംഗലം പഞ്ചായത്തിൽപെട്ട കീല്ലം ഗ്രേസിംഗ് ഗ്രൗണ്ടുഡ് നിർമ്മിക്കുന്നതിനു് 10,450 രൂപയുടെ ഒരു പദ്ധതിയ്ക്കു് ജില്ലാകളക്ടർ അനുമതി നൽകിയിരിക്കുന്നു.

അയൂബിന്റെ "വിശാല ഹൃദയത്വ" വിലാപം

[പി. ടി. ഐ] കറാച്ചി, ഏപ്രിൽ 2

ഇന്തു വിശാലഹൃദയത്വവും, രാഷ്ട്രതന്ത്രവും പ്രകടിപ്പിക്കുകയാണെങ്കിൽ, പാക്കിസ്ഥാനിൽനിന്നു് അതേ നിലപാടുതന്നെ പ്രതീക്ഷിക്കാമെന്നു് പ്രസിഡണ്ടു് അയൂബ്ഖാൻ പ്രസ്താവിച്ചിരിക്കുന്നു.

വെടിനിർത്തൽ രേഖയിൽ ഇടക്കിടെ നടത്തുന്ന വെടിവെപ്പും, ഛാമ്പ്_ജൌറിയൻ സംഭവവും താല്കാലിക മെച്ചം ചിലർക്കു് നേടിക്കൊടുത്തിട്ടുണ്ടു്. അതിൽ ഭവിക്കു് സംതൃപ്തികൊള്ളാമെന്നല്ലാതെ ഈ സംഭവത്തിനു യാതൊരു അന്തസ്സുമില്ല.

സമാധാനത്തിനു നീതിയുടേയും മര്യാദയുടേയും അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണു് ആവശ്യം. അല്ലാതെ ഏകപക്ഷീയമായ നടപടികളല്ല.

പ്രശ്നങ്ങളുടെ പരിഹാരത്തിനു മദ്ധ്യസ്ഥം വഹിക്കുവാൻ ഐക്യരാഷ്ട്രങ്ങളുടെപ്പോലെ ഒരു സംഘടനയുണ്ടാകണം. ആവശ്യമെന്നു വന്നാൽ അതിന്റെ തീരുമാനം പ്രാബല്യത്തിൽ കൊണ്ടുവരുവാനും ആ സംഘടനക്കു് കഴിയണം.

കാഷ്മീർ

കാഷ്മീറിനെ സംബന്ധിച്ചേടത്തോളം ഇതു് 'പഴയകളി'തന്നെയാണു് കളിക്കുന്നതു്. അതുകൊണ്ടു മറ്റൊന്നുമാണു്.

'ഗുരുകണക്കിനു് കാഷ്മീരിനേതാക്കളേയും, ദേശാഭിമാനി'കളേയും ഇന്ത്യ കാഷ്മീരിൽ ജയിലിലടച്ചിരിക്കുകയാണെന്നു് അയൂബ് പറഞ്ഞു. അവിടെ ഒരു ഭീകരഭരണമാണു് നടക്കുന്നതു്. ഇത്തരം നടപടികൾ കഴിഞ്ഞ കാലങ്ങളിൽ വിപ്രപ്പേയിട്ടില്ല; ഇനി വിലപ്പോകുകയുമില്ല.

'ഇന്ത്യൻ നുകം വലിച്ചെറിയുവാനുള്ള കാഷ്മീരികളുടെ തീരുമാനമാത്ര അതുശക്തിപ്പെടുത്തുകയേയുള്ളൂ.'

.....

കാസർകോട് മൈസൂരിനു വേണം

മൈസൂർ അസംബ്ലിയുടെ പ്രമേയം

(പി ടി ഐ) ബാംഗ്ലർ, മാ 31

കേരളത്തിന്റെ ഭാഗമായ കാസർഗോഡ് താലൂക്കിലെ കന്നടപ്രദേശങ്ങളും മൈസൂർ സംസ്ഥാനത്തോടു് ലയിപ്പിക്കാനുള്ള നടപടികളും ഉടനെ എടുക്കണമെന്നു് ആവശ്യപ്പെടുന്ന ഒരു പ്രമേയം മൈസൂർ അസംബ്ലിയിൽ പാസ്സാക്കപ്പെട്ടിരിക്കുന്നു. കോൺഗ്രസ്സംഗമായ മി. എം. ശ്രീനിവാസനായിക്കു് അവതരിപ്പിച്ച പ്രമേയത്തിനു് സഭയുടെ എല്ലാ ഭാഗത്തുനിന്നും അനുകൂലപ്രതികരണമാണു് ലഭിച്ചതു്. ഇതേസംബന്ധിച്ചുള്ള സംവാദത്തിൽ ഗവണ്മെൻറു് ഭാഗത്തുനിന്നു് മറുപടി പറഞ്ഞുമില്ല.

....o....

എണ്ണ ടാങ്കറുകൾ അടുക്കാനുള്ള പുതിയ സജ്ജീകരണങ്ങൾ

കൊച്ചി തുറമുഖത്തു് ഏർപ്പെടുത്തുന്നു

എറണാകുളം, ഏപ്രിൽ 1

കൊച്ചിയിൽ സ്ഥാപിക്കുന്ന പുതിയ എണ്ണ ശുദ്ധീകരണശാലയുടെ ആവശ്യത്തിലേയ്ക്കു് അസംസ്കൃത എണ്ണകൊണ്ടുവരുന്ന ടാങ്കറുകൾക്കു് അടുത്തു കിടക്കുവാൻവേണ്ടിയുള്ള സജ്ജീകരണങ്ങളും ഏർപ്പെടുത്തുവാൻ 30 ലക്ഷം ക. ചിലവുവരുന്ന പണികൾക്കു് അനുമതി നൽകിയിട്ടുണ്ടെന്നും കേന്ദ്രഗതാഗതവകുപ്പിന്റെ 1964_65-ലെ വാർഷിക റിപ്പോർട്ടിൽ പറയുന്നു.

എറണാകുളം ചാനലിൽ, കപ്പലുകൾ സ്ഥിരിക്കുന്നു.

കൊണ്ടുവരുന്ന കപ്പലുകൾക്കു് കരി ഇറക്കുവാൻ തക്കവണ്ണം ഒരു കാപ്പൺബങ്കറിങ്ങു് ക്രെയിൻ നിർമ്മിക്കാൻ കാർഡർ ഉറപ്പു് പണിയാനുള്ള പ്രാരംഭജോലികളും തുടങ്ങിയിട്ടുണ്ടെന്നും 84 ലക്ഷം ക. ചിലവുവരുന്ന ഈ പദ്ധതിയുടെ നിർമ്മാണത്തിനു് ടെൻഡറുകൾ ക്ഷണിച്ചിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു.

1964_63-ൽ കൊച്ചി തുറമുഖം 23.6 ലക്ഷം ടൺ ചരക്കുകം കൈകാര്യം ചെയ്തിരുന്നതു് 1963_64-ൽ 24.5 ലക്ഷം ടൺ ആയി വർദ്ധിച്ചു. മൊത്തം 80.9 ലക്ഷം ടൺ കേവുഭാരം വരുന്ന 1356 കപ്പലുകളം 1963_64-ൽ കൊച്ചിതുറമുഖത്തു പ്രവേശിച്ചു. 1962_63-ൽ മൊത്തം 78.1 ലക്ഷം ടൺ കേവുഭാരമുള്ള 1330 കപ്പലുകളാണു് തുറമുഖത്തടുത്തതു്.

1963_64-ൽ തുറമുഖത്തിന്റെ മൊത്തം വരുമാനം 174.82 ലക്ഷം ക. യായിരുന്നു. മൊത്തം ചിലവു് 160.17 ലക്ഷം ക. യാണു്. റിപ്പോർട്ടുവർഷത്തിൽ 14.65 ലക്ഷം ക. മിച്ചമുണ്ടായി.

മൂന്നാംപഞ്ചവത്സരപദ്ധതിയുടെ ആദ്യത്തെ മൂന്നുകൊല്ലങ്ങളിൽ തുറമുഖത്തു് 113 ലക്ഷം ക യുടെ മുതൽമുടക്കുണ്ടായെന്നു് റിപ്പോർട്ടു് പറയുന്നു. മൂന്നാം പദ്ധതിയിൽ മൊത്തം 323 ലക്ഷം ക. യുടെ മുതൽമുടക്കാണു് വിഭാവനം ചെയ്തിട്ടുള്ളതു്.

ഏപ്രിൽ ഫൂൾ

ചങ്ങനാശ്ശേരി, ഏ. 1

ഇന്നു് അതിരാവിലെ ഇവിടത്തെ പോലീസ്സ്റ്റേഷന്റെ മുൻവശത്തു് ഒരു ശവപ്പെട്ടി ആരോ കൊണ്ടുവന്നുവെച്ചിരുന്നു. അതിന്റെ ഒരുവശത്തു് 'ഏപ്രിൽ ഫൂൾ' എന്നെഴുതിയിരുന്നു. വെട്ടുപ്പെട്ടിയിൽ ഒരു കടയുടെ വാതുക്കലും ഇങ്ങനെ ഒര